"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസറഗോഡ് നഗരസഭയിലെ DTP Scheme for Central Area വ്യതിയാനം വരുത്തുന്നതിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.90/2024/LSGD തീയതി,തിരുവനന്തപുരം, 18-07-2024

---

പരാമർശം:-

1. WP(C) No.21634/2020 നമ്പർ റിട്ട് ഹർജിയിൽ ബഹു. കേരള ഹൈക്കോടതിയുടെ 22.06.2021 തീയതിയിലെ വിധിന്യായം.
2. 21.05.2022-ലെ സ.ഉ.(കൈ.) നം.109/2022/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്.
3. കാസറഗോഡ് നഗരസഭ കൗൺസിലിന്റെ 19.01.2022 തീയതിയിലെ 14/1, 30.03.2022 തീയതിയിലെ 6/1 എന്നീ തീരുമാനങ്ങൾ
4. കാസറഗോഡ് നഗരസഭ കൗൺസിലിന്റെ 03.09.2022 ലെ 13/1-ാം നമ്പർ കൗൺസിൽ തീരുമാനം
5. കാസറഗോഡ് നഗരസഭ കൗൺസിലിന്റെ 12.05.2023 ലെ 4/1-ാം നമ്പർ തീരുമാനം.
6. കാസറഗോഡ് നഗരസഭ കൗൺസിലിന്റെ 07.02.2024 തീയതിയിലെ 8/1-ാം നമ്പർ തീരുമാനം.
7. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ 17.05.2024 ലെ എൽ.എസ്.ജി.ഡി./പി.ഡി./9340/2024-ടിസിപിബി4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) വിധിന്യായം, ആയതിനെ തുടർന്ന് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലയിലെ അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതിയായ സെൻട്രൽ ഏരിയ പുനരവലോകനം ചെയ്ത് പരിഷ്കരിക്കുന്നതിന് 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 32(1)

പ്രകാരം, പരാമർശം (3) കൗൺസിൽ തീരുമാനങ്ങൾ മുഖേന സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. വിശദ നഗരാസൂത്രണ പദ്ധതി കാലഹരണപ്പെട്ടതിനാൽ അടിയന്തരമായി മേഖലാ നിയന്ത്രണങ്ങളിൽ വ്യതിയാനം വരുത്തണം എന്ന് സ്പെഷ്യൽ കമ്മിറ്റി നഗരസഭാ കൗൺസിലിനോട് ശിപാർശ ചെയ്യുകയും നഗരസഭാ കൗൺസിൽ ആയതു അംഗീകരിക്കുകയും തുടർന്ന് പരാമർശം (4) കൗൺസിൽ തീരുമാനം പ്രകാരം പ്രസ്തുത സ്കീം വ്യതിയാനം വരുത്തുന്നതിനു തീരുമാനിക്കുകയും ആയതിന്റെ ഉദ്ദേശ്യം 11.10.2022 തീയതിയിലെ 3511-ാം നമ്പരായി വിജ്ഞാപനം ചെയ്യുകയുമുണ്ടായി.

(2) തുടർന്ന് സ്പെഷ്യൽ കമ്മിറ്റി തയ്യാറാക്കിയ കരടു വ്യതിയാനം നഗരസഭാ കൗൺസിലിന് മുൻപാകെ സമർപ്പിക്കുകയും പ്രസ്തുത കരടു വ്യതിയാനം പ്രസിദ്ധീകരിക്കുന്നതിനു നഗരസഭ കൗൺസിൽ പരാമർശം (5) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

(3) കരട് വ്യതിയാനത്തിന്മേൽ ലഭ്യമായ ആക്ഷേപ നിർദ്ദേശങ്ങൾ പരിഗണിച്ച് സ്പെഷ്യൽ കമ്മിറ്റി യോഗത്തിലെ അഭിപ്രായ പ്രകാരം ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കരട് വ്യതിയാനം സംബന്ധിച്ച റിപ്പോർട്ട് കൗൺസിൽ അംഗീകരിക്കുകയും അനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് പരാമർശം (6) പ്രകാരം കൗൺസിൽ തീരുമാനിക്കുകയും ചെയ്യുകയുണ്ടായി.

(4) DTP Scheme for Central Area യുടെ കരടു വ്യതിയാനത്തിന്, 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ വകപ്പ് 46(4), 2021-ലെ കേരള നഗര ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 9 എന്നിവ പ്രകാരം അന്തിമ അംഗീകാരം ലഭിക്കുന്നതിലേയ്ക്കായി പരാമർശം (7) പ്രകാരം മുഖ്യനഗരാസൂത്രകൻ ലഭ്യമാക്കിയിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതിയായ ഡി.ടി.പി. സ്കീം ഫോർ സെൻട്രൽ ഏര്യയുടെ വ്യതിയാനത്തിന്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 46(5) പ്രകാരം അന്തിമ അനുമതി നൽകുന്നതോടൊപ്പം പ്രസ്തുത വ്യതിയാനം സംബന്ധിച്ച് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകപ്പ് 46(6), 2021-ലെ കേരള നഗര ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 11 പ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് നിർദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, കാസറഗോഡ് (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, കാസറഗോഡ് നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
6. വിവര പൊതുജന സമ്പർക്ക് (വെബ് & പിആർഡി) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 19-07-2024 11:55:01